കെ.എസ്.ആർ.ടി.സി.ചെയിൻ സർവ്വീസ്

328 (3962) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലയോര മേഖലയിലെ യാത്രാക്ലേശം പരിഹരിക്കാനായി ആരംഭിച്ച പുനലൂർ-പത്തനംതിട്ട-റാന്നി-എരുമേലിവഴി മുണ്ടക്കയത്തിനും പൊൻകുന്നത്തിനും കാഞ്ഞിരപ്പള്ളിക്കും ഉള്ള കെ.എസ്.ആർ.ടി.സി. ചെയിൻ സർവ്വീസ് ഇപ്പോഴും നിലവിലുണ്ടോ ;

(ബി) പ്രസ്തുത ചെയിൻ സർവ്വീസ് ആരംഭിച്ചപ്പോൾ വിവിധ ഡിപ്പോകളിൽനിന്നും അനുവദിച്ച ബസുകളുടെ എണ്ണവും ഷെഡ്യൂളുകളുടെ എണ്ണവും എത്രയെന്ന് പറയാമോ ; നിലവിൽ ഇതേ റൂട്ടിൽ വിവിധ ഡിപ്പോകളിൽ നിന്നും എത്ര ബസുകൾ എത്ര ഷെഡ്യൂളുകളിൽ സർവ്വീസ് നടത്തുന്നുണ്ട് എന്ന് വ്യക്തമാക്കാമോ ;

(സി) കൃത്യമായി ലാഭത്തിൽ പ്രവർത്തിച്ചിരുന്ന ബസുകളും ഷെഡ്യൂളുകളും വെട്ടിക്കുറയ്ക്കുവാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ ;

(ഡി) കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ ഇതേ റൂട്ടിലൂടെ ദീർഘദൂര സ്വകാര്യബസുകൾ അനുവദിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ പുതുതായി എത്ര സ്വകാര്യ ബസ് സർവ്വീസുകളാണ് ഇത്തരത്തിൽ അനുവദിച്ചിരിക്കുന്നത് എന്ന് പറയാമോ ;

(ഇ) കൂടുതൽ കെ.എസ്.ആർ.ടി.സി. ബസുകൾ ഇതേ റൂട്ടിൽ അനുവദിച്ച് ചെയിൻ സർവ്വീസ് കാര്യക്ഷമമാക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ) പുനലൂർ, പത്തനംതിട്ട, പൊൻകുന്നം യൂണിറ്റികളിൽനിന്നും ഓപ്പറേറ്റ് ചെയ്യുന്ന പ്രസ്തുത ചെയിൻ സർവ്വീസുകൾ നിലവിലുണ്ട്.

(ബി) പുനലൂർ:

അനുവദിച്ച ഷെഡ്യൂളുകൾ	- 7
അനുവദിച്ച ബസ്സുകൾ	- 7
നിലവിൽ ഓപ്പറേറ്റ് ചെയ്യുന്നത്	- 3

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പത്തനംതിട്ട:

അനുവദിച്ച ഷെഡ്യൂളുകൾ	- 6
അനുവദിച്ച ബസ്സുകൾ	- 6
നിലവിൽ ഓപ്പറേറ്റ് ചെയ്യുന്നത്	- 6

പൊൻകുന്നം:

അനുവദിച്ച ഷെഡ്യൂളുകൾ	- 7
അനുവദിച്ച ബസ്സുകൾ	- 7
നിലവിൽ ഓപ്പറേറ്റ് ചെയ്യുന്നത്	- 5

(സി) ബസുകളുടെ കുറവുമൂലമാണ് ഷെഡ്യൂളുകൾ താൽക്കാലികമായി വെട്ടിക്കുറയ്ക്കേണ്ടി വന്നിട്ടുള്ളത്.

(ഡി) കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ പുനലൂർ-പത്തനംതിട്ട-റാന്നി-എരുമേലിവഴി മുണ്ടക്കയത്തിനും, പൊൻകുന്നം, കാഞ്ഞിരപ്പള്ളി പ്രദേശങ്ങളിലൂടെ കടന്നുപോകുന്ന റൂട്ടിലൂടെ പുതിയതായി സ്വകാര്യ ബസുകൾക്ക് പെർമിറ്റുകൾ ഒന്നും അനുവദിച്ചിട്ടില്ല. എന്നാൽ നിലവിൽ ഓടുന്നതും 9-5-2006-ന് മുമ്പ് ഗ്രാന്റ് ചെയ്തതുമായ പെർമിറ്റുകൾ പുതുക്കി നൽകുന്നുണ്ട്.

(ഇ) പുതിയ ബസുകൾ നിരത്തിലിറങ്ങുന്ന മുറയ്ക്ക് ചെയിൻ സർവ്വീസ് കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ ബസുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

കെ.എസ്.ആർ.ടി.സി. റിസർവ് കണ്ടക്ടർ റാങ്ക് ലിസ്റ്റ്

329 (3963) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. റിസർവ് കണ്ടക്ടർ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ; എങ്കിൽ പ്രസ്തുത ലിസ്റ്റിൽനിന്നും എത്ര പേർക്ക് നിയമന ഉത്തരവ് നൽകി ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ ;

(ബി) കാസർഗോഡ്, കാഞ്ഞങ്ങാട് ഡിപ്പോകളിൽ എത്ര പേർക്കാണ് നിയമന ഉത്തരവ് നൽകിയതെന്ന കണക്കുകൾ ലഭ്യമാക്കാമോ ;